


മികവിൻ ആദരം

# ദേശീയ അംഗീകാരം ഈ നേട്ടങ്ങൾക്ക്

ദേശീയ സംസ്ഥാന പുരസ്കാരങ്ങൾ സ്വന്തമാക്കിയ തദ്ദേശഭരണ സ്ഥാപനങ്ങൾ കാഴ്ചവച്ചത് മാതൃകാപരമായ പ്രവർത്തനം.

രാജ്യത്തെ രണ്ടര ലക്ഷത്തോളം ഗ്രാമപഞ്ചായത്തുകളോട് മത്സരിച്ച് ഒന്നാമതെത്തിയാണ് പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് വികസന പദ്ധതി പുരസ്കാരം സ്വന്തമാക്കിയത്. വൃത്തി, വെള്ളം, വിളവ് എന്നീ മേഖലകളിൽ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് മികച്ച പ്രവർത്തനം കാഴ്ചവച്ചു. പള്ളങ്ങൾ, കാവുകൾ എന്നിവയടക്കം ജൈവവൈവിധ്യത്തിന്റെ കേന്ദ്രങ്ങൾ സംരക്ഷിച്ചും ജലവും മണ്ണും പരിപാലിച്ചും വികസനത്തിന് ഹരിത മുഖം നൽകിയാണ് കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് ദേശീയ ജല അവാർഡ് നേടിയെടുത്തത്.

ഐക്യരാഷ്ട്ര സംഘടന വിഭാവനം ചെയ്യുന്ന തരത്തിൽ കുട്ടികൾക്ക് അതിജീവനം, സംരക്ഷണം, പങ്കാളിത്തം, വികസനം എന്നിവ ഉറപ്പു വരുത്തുന്ന കർമ്മ പരിപാടിക്ക് ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങളിലൂടെയാണ് കോലഴി ഗ്രാമപഞ്ചായത്ത് ബാല സൗഹൃദ ഗ്രാമ പഞ്ചായത്ത് അവാർഡ് കരസ്ഥമാക്കിയത്. കോലഴി ഗ്രാമപഞ്ചായത്തിലെ അമ്പതോളം ബാലസഭകളിലായി ആയിരത്തോളം സജീവ അംഗങ്ങളുണ്ട്.

ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാർ - 2019 ന് അർഹമായ തിരുവനന്തപുരം ജില്ലാപഞ്ചായത്ത്, നെടുമങ്ങാട്, ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തുകൾ, മാറഞ്ചേരി, ശൂരനാട് വടക്ക് ഗ്രാമ പഞ്ചായത്തുകൾ, ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരവും നാനാജി ദേശ്മുഖ് രാഷ്ട്രീയ ഗൗരവ് ഗ്രാമസഭ പുരസ്കാരവും കരസ്ഥമാക്കിയ തിരുനാവായ ഗ്രാമ പഞ്ചായത്ത് എന്നിവയും വേറിട്ട വികസന നേട്ടങ്ങളി



*പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് (കേന്ദ്ര ഗ്രാമപഞ്ചായത്ത് വികസന പദ്ധതി പുരസ്കാരം)*



*ശ്രീകൃഷ്ണപുരം ബ്ലോക്ക്പഞ്ചായത്ത് (ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരം - 2019)*



*കാലടി ഗ്രാമപഞ്ചായത്ത് (സ്വച് ഐകണിക് പ്ലെയ്സ് പുരസ്കാരം - 2019)*

ലൂടെ ശ്രദ്ധ നേടിയവരാണ്. ഉത്പാദന രംഗത്ത്, വിശേഷിച്ച് കാർഷിക മേഖലയിലും അനുബന്ധ മേഖലകളിലും നടപ്പിലാക്കിയ നൂതനങ്ങളായ പ്രോജക്ടുകൾ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് അവാർഡ് നേടിക്കൊടുത്തു. 2,000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്ന ജില്ലാ പഞ്ചായത്തിന്റെ കേദാരം പദ്ധതി ശ്രദ്ധേയമാണ്.

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ നേട്ടങ്ങളിൽ എടുത്തു പറയേണ്ടതാണ്. കിള്ളിയാർ മിഷൻ. തണ്ണീർത്തട സംരക്ഷ

## മികവിന് ആദരം

ണത്തിന് ഇത്രയധികം സന്നദ്ധ പ്രവർത്തകരെ ഒരുമിച്ച് ഒരു ദിവസം രംഗത്തിറക്കിയ അനുഭവം കേരളത്തിൽ വേറെയില്ല. ജൈവ

കൃഷിക്ക് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് നൽകി വരുന്ന പ്രോത്സാഹനവും ശ്രദ്ധേയമാണ്. ആരോഗ്യം, ശുചിത്വം, കൃഷി, മൃഗസംരക്ഷണം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന വിവിധങ്ങളായ പദ്ധതികളും പറയാതെ പോകാനാവില്ല. മാറഞ്ചേരി പഞ്ചായത്തിന്റെ



*മാറഞ്ചേരി ഗ്രാമപഞ്ചായത്ത് (ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരം - 2019)*



*ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് (ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരം - 2019)*




*പടിയൂർ-കല്യാട് ഗ്രാമപഞ്ചായത്ത് (സ്വച്ഛ് ഭാരത് പുരസ്കാരം - 2019)*

പരിസ്ഥിതി സംരക്ഷണം, രോഗപ്രതിരോധവും രോഗീപരിചരണവും കാർഷിക വികസനം, വിദ്യാഭ്യാസ പുരോഗതി തുടങ്ങിയ രംഗങ്ങളിലെ പദ്ധതികൾ വേറിട്ടു നിൽക്കുന്നു. നികുതി-നികുതിയേതര വരുമാനം വർധിപ്പിക്കാനും അത് വികസന പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാനും ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിനു കഴിഞ്ഞു.

വികസനം മണ്ണിനും മനുഷ്യന്റെ ഭാവിക്കും വേണ്ടിയാവണം എന്ന് പ്രഖ്യാപിച്ച് ഭാവിയെ മുന്നിൽ കണ്ട് നടപ്പിലാക്കിയ പദ്ധതികളാണ് പടിയൂർ-കല്യാട് ഗ്രാമപഞ്ചായത്തിനെ സ്വച്ഛ് ഭാരത് പുരസ്കാരം - 2019 ന് അർഹമാക്കിയത്. ആരാമം പടിയൂർ പദ്ധതി പ്രത്യേക പരാമർശമർഹിക്കുന്നു. രണ്ട് ദേശീയ പുരസ്കാരങ്ങൾ ഒരുമിച്ച് കരസ്ഥമാക്കിയ തിരുനാവായ ഗ്രാമ പഞ്ചായത്തിന്റെ നേട്ടം വേറിട്ടതാണ്.

കേന്ദ്ര സർക്കാരിന്റെ സ്വച്ച് ഐകണിക് സ്ഥലങ്ങളുടെ പട്ടികയിൽ ആദിശങ്കരന്റെ ജന്മസ്ഥലമായ കാലടിയും ഉൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ ശുചിത്വ പാലന - മാലിന്യ നിർമ്മാർജന പദ്ധതികളും നടത്തിയ ജനകീയ ഇടപെടലുകളുമാണ് കാലടിക്ക് അംഗീകാരം നേടിക്കൊടുത്തത്. വികസന രംഗത്തെ ഇടപെടലിന് മുഖ്യമന്ത്രിയുടെ പ്രത്യേക അവാർഡ് ലഭിച്ച ബുധനൂർ ഗ്രാമപഞ്ചായത്ത് നിരവധി പുരസ്കാരങ്ങൾ മുമ്പും നേടിയിട്ടുണ്ട്. മൂന്ന് പഞ്ചായത്തുകൾക്ക് ജീവജലം നൽകുന്ന കുട്ടംപേരൂർ ആറിന് പുനർജനി നൽകിയ ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ നേട്ടം ദേശീയ മാധ്യമങ്ങളിൽ അടക്കം ഇടം പിടിച്ചതാണ്.



*കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് (ദേശീയ ജല പുരസ്കാരം - 2019)*



*തിരുനാവായ ഗ്രാമപഞ്ചായത്ത് (ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരവും നാനാജി ദേശ്മുഖ് രാഷ്ട്രീയ ഗൗരവ് ഗ്രാമസഭ പുരസ്കാരവും)*



*ബുധനൂർ ഗ്രാമപഞ്ചായത്ത് (വികസന രംഗത്തെ ഇടപെടലിന് മുഖ്യമന്ത്രിയുടെ പ്രത്യേക അവാർഡ്)*




*നെടുമങ്ങാട് ബ്ലോക്ക്പഞ്ചായത്ത് (ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരം - 2019)*



കോലഴി ഗ്രാമപഞ്ചായത്ത് (മികച്ച ബാലസൗഹൃദ പഞ്ചായത്ത് - 2019)



തിരുവനന്തപുരം ജില്ലാപഞ്ചായത്ത് (ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരം - 2019)

# മുഖ്യമന്ത്രിയുടെ ഹരിത അവാർഡ് പ്രഖ്യാപിച്ചു

## സംസ്ഥാനതലത്തിൽ കണ്ണൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തിന് ഒന്നാം സ്ഥാനം

ഹരിതകേരളംമിഷൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയ മുഖ്യമന്ത്രിയുടെ ഹരിത അവാർഡ് പ്രഖ്യാപിച്ചു. ശുചിത്വ-മാലിന്യ സംസ്കരണം, കൃഷി, ജലസംരക്ഷണം, എന്നീ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് പുരസ്കാരം നൽകുന്നത്.

സംസ്ഥാനതലത്തിൽ കണ്ണൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്ത് ഒന്നാം സ്ഥാനം നേടി. ഫലകവും സാക്ഷ്യപത്രവും പത്ത് ലക്ഷം രൂപയുമാണ് പുരസ്ക്കാരമായി നൽകുക.

രണ്ടാം സ്ഥാനം കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തും മൂന്നാം സ്ഥാനം എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തും കരസ്ഥമാക്കി. രണ്ടാം സ്ഥാനക്കാർക്ക് ഏഴ് ലക്ഷം രൂപയും മൂന്നാം സ്ഥാനത്തിന് അഞ്ച് ലക്ഷം രൂപയും ഫലകവും സാക്ഷ്യപത്രവും ലഭിക്കും. ജില്ലാതലത്തിൽ വിജയിച്ചവർക്ക് ഫലകവും സാക്ഷ്യപത്രവും മൂന്ന് ലക്ഷം രൂപയുമാണ് പുരസ്ക്കാരമായി ലഭിക്കുക.

ജില്ലാതലത്തിൽ ബേഡഡുക്ക ഗ്രാമപഞ്ചായത്ത് (കാസർഗോഡ്), ചെറുതാഴം ഗ്രാമപഞ്ചായത്ത് (കണ്ണൂർ), മീനങ്ങാടി ഗ്രാമപഞ്ചായത്ത് (വയനാട്), ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് (കോഴിക്കോട്), മാറഞ്ചേരി ഗ്രാമപഞ്ചായത്ത് (മലപ്പുറം), അകത്തേത്തറ ഗ്രാമപഞ്ചായത്ത് (പാലക്കാട്), പഴയന്നൂർ ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ), രായമംഗലം ഗ്രാമപഞ്ചായത്ത് (എറണാകുളം), കുമിളി ഗ്രാമപഞ്ചായത്ത് (ഇടുക്കി), കുറോപ്പട ഗ്രാമപഞ്ചായത്ത് (കോട്ടയം), ആര്യാട് ഗ്രാമപഞ്ചായത്ത് (ആലപ്പുഴ), ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട), കുലശേഖരപുരം ഗ്രാമപഞ്ചായത്ത് (കൊല്ലം), ചെങ്കൽ ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം) എന്നിവ ഒന്നാം സ്ഥാനത്തിനർഹരായി.

ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ പഴയന്നൂർ (തൃശ്ശൂർ) ഒന്നാം സ്ഥാനവും പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് (കണ്ണൂർ) രണ്ടും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് (തിരുവനന്തപുരം) മൂന്നും സ്ഥാനവും നേടി.

മുനിസിപ്പാലിറ്റി വിഭാഗത്തിൽ പൊന്നാനി (മലപ്പുറം) ഒന്നാം സ്ഥാനവും വടകര (കോഴിക്കോട്) രണ്ടാം സ്ഥാനവും ആന്തൂർ (കണ്ണൂർ), കുന്നംകുളം (തൃശ്ശൂർ) മുനിസിപ്പിലാറ്റികൾ മൂന്നും സ്ഥാനം നേടി. കോർപ്പറേഷൻ വിഭാഗത്തിൽ തിരുവനന്തപുരം ഒന്നാം സ്ഥാനത്തിനർഹമായി.

തദ്ദേശസ്വയഭരണ സ്ഥപനങ്ങളിൽ 2018-19 കാലയളവിൽ നടത്തിയ ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളാണ് പുരസ്കാരങ്ങൾക്കായി വിലയിരുത്തിയത്. അവസാന റൗണ്ടിൽ 69 ഗ്രാമപഞ്ചായത്തുകളും 17 ബ്ലോക്ക് പഞ്ചായത്തുകളും 23 മുനിസിപ്പാലിറ്റികളും മൂന്ന് കോർപ്പറേഷനുകളും മത്സരിച്ചു. ☐